©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 2<br>2nd October 2018<br>1194 കന്നി 16<br>16th Kanni 1194<br>1940 ആശ്വിനം 10<br>10th Aswina 1940 | നമ്പർ<br>No. 39 |

# PART III

# Dairy Development Department

**എറണാകുളം ജില്ലാ ക്ഷീരവികസന വകുപ്പ്**
**ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

നമ്പർ സി1-2159/2017. 2018 ആഗസ്റ്റ് 30.

വിഷയം:— ക്ഷീരവികസന വകുപ്പ്—എറണാകുളം— കുമ്പളങ്ങി ക്ഷീരവ്യവസായ സഹകരണ സംഘം ലി. നമ്പർ ഇ34 (ഡി) യുടെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:—(1) പള്ളുരുത്തി ക്ഷീരവികസന ഓഫീസറുടെ സെക്ഷൻ 66 പ്രകാരമുള്ള എൻക്വയറി റിപ്പോർട്ട്.

പള്ളുരുത്തി ബ്ലോക്കിലെ 1-6-1978-ൽ രജിസ്റ്റർ ചെയ്ത കുമ്പളങ്ങി ക്ഷീരവ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ34 (ഡി) ദീർഘ നാളുകളായി പ്രവർത്തനരഹിതമാണെന്നും സംഘത്തെ സംബന്ധിച്ച യാതൊരു രേഖകളും റെക്കോർഡുകളും നാളിതുവരെ ലഭ്യമല്ലായെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലായെന്നും ഒന്നാം പരാമർശ പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്.

**ഉത്തരവ്**

ഈ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളിലേയും വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കുമ്പളങ്ങി ക്ഷീരവ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ34 (ഡി)-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളിലേയും 74-ാം വകുപ്പനുസരിച്ച് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, (ഒപ്പ്)
എറണാകുളം. ഡെപ്യൂട്ടി ഡയറക്ടർ.

**മലപ്പുറം ജില്ലാ ക്ഷീരവികസന വകുപ്പ്**
**ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീ. ബിന്ദുമോൻ, പി. പി.)

നമ്പർ സി-1307/2018. 2018 സെപ്റ്റംബർ 11.

വിഷയം:— ക്ഷീരവികസന വകുപ്പ്—മലപ്പുറം—പൊന്നാനി ബ്ലോക്ക്—എരിക്കമണ്ണ ക്ഷീര സംഘം, എടപ്പാൾ പൊന്നാഴിക്കര, ഈശ്വമംഗലം, പുതുപൊന്നാനി, മറവഞ്ചേരി ക്ഷീരസംഘം, മുതൂർ ക്ഷീരസംഘം—എന്നിവയുടെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) പൊന്നാനി ക്ഷീരവികസന ഓഫീസറുടെ 21-3-2018-ലെ 112/2017(1), 112/2017(2) 112/2017, 113/2017, 113/2017(1), 113/2017(2) നമ്പർ കത്തുകൾ.

(2) ബഹു. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 1-8-2018-ലെ സി3/13924/2015 നമ്പർ കത്ത്.

പൊന്നാനി ബ്ലോക്കിലെ എരിക്കമണ്ണ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 154 (ഡി) ആപ്കോസ്, എടപ്പാൾ പൊന്നാഴിക്കര ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 43 (ഡി) ആപ്കോസ്, ഈശ്വമംഗലം ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 47 (ഡി) ആപ്കോസ് പുതുപൊന്നാനി ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 11 (ഡി), മറവഞ്ചേരി ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 158 (ഡി) ആപ്കോസ്, മുതൂർ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 41 (ഡി) ആപ്കോസ്, എന്നീ സംഘങ്ങളിൽ സെക്ഷൻ 66 പ്രകാരം നടത്തിയ അന്വേഷണത്തിൽ ടി സംഘങ്ങൾ ദീർഘകാലമായി പ്രവർത്തന രഹിതമാണെന്നും യാതൊരു രേഖകളും ലഭ്യമല്ലെന്നും കാണിച്ചുകൊണ്ട് പൊന്നാനി ക്ഷീരവികസന ഓഫീസർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ടി സംഘങ്ങൾ സമാപ്തീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ഡയറക്ടറുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**ഉത്തരവ്**

മേൽ വിവരിച്ച സാഹചര്യത്തിൽ (1) എരിക്കമണ്ണ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 154 (ഡി) ആപ്കോസ്, (2) എടപ്പാൾ പൊന്നാഴിക്കര ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 43 (ഡി) ആപ്കോസ്, (3) ഈശ്വമംഗലം ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 47 (ഡി) ആപ്കോസ്, (4) പുതുപൊന്നാനി ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 11 (ഡി), (5) മറവഞ്ചേരി ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 158 (ഡി) ആപ്കോസ്, (6) മുതൂർ ക്ഷീരസംഘം ക്ലിപ്തം നമ്പർ എം. 41 (ഡി) ആപ്കോസ് എന്നീ സംഘങ്ങൾ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സമാപ്തീകരിച്ച് കൊണ്ടും രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം,
മലപ്പുറം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

REGISTRATION CERTIFICATE

No. C-3756/2017. *13th August 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following societies the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the byelaws of the under mentioned society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ പേര്—കരിയാട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 256 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—13-8-2018.
3. മേൽവിലാസം—കരിയാട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 256 (ഡി) ആപ്കോസ്.
4. പോസ്റ്റാഫീസ്—കരിയാട് സൗത്ത്.
5. താലൂക്ക്—തലശ്ശേരി.
6. ജില്ല—കണ്ണൂർ.
7. പ്രവർത്തന പരിധി—പാനൂർ മുൻസിപ്പാലിറ്റിയിലെ 24,25 വാർഡുകൾ.
8. ബാദ്ധ്യത—ക്ലിപ്തം.
9. പ്രധാന ഉദ്ദേശ്യങ്ങൾ—പാൽ സംഭരണവും വിതരണവും
10. അംഗീകൃത ഓഹരി മൂലധനം— ` 25,000.
11. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടേയും നിക്ഷേപങ്ങളുടേയും ആകെ തുക ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിട നിധി എന്നിവയുടെ തുകയിൽനിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചിട്ടുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.